30-6-2004-ലെ ജീവനക്കാരുടെ എണ്ണം:

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ	..	1
എംപ്ലോയ്മെന്റ് ഓഫീസർ (വിജി)	..	1
ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ	..	3
ജൂനിയർ സൂപ്രണ്ട്	..	2
ഹെഡ് ക്ലാർക്ക്	..	1
യു.ഡി. ക്ലാർക്ക്	..	2
എൽ.ഡി. ക്ലാർക്ക്	..	2
എൽ. ഡി. ടൈപ്പിസ്റ്റ്	..	1
പ്യൂൺ (ഹയർ ഗ്രേഡ്)	..	1
ആകെ	..	14

(സി) ഒ ആന്റ് എം സ്റ്റഡി ഗ്രൂപ്പ് ശുപാർശ ചെയ്ത പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്.

(ഡി) ജോലി ഭാരത്തിനനുസരിച്ചാണ് ജീവനക്കാരെ നിയമിക്കുന്നത്. ചില എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ജോലിഭാരത്തിനനുസൃതമായി ജീവനക്കാർ ഇല്ലാത്തതിനാൽ കൂടുതൽ ആളുകളെ നിയമിക്കണമെന്ന ആവശ്യം വകുപ്പിന്റെ പരിഗണനയിലാണ്. പുനർ വിന്യാസത്തിലൂടെ ലൈവ് രജിസ്റ്ററിന്റെ അനുപാതമനുസരിച്ച് ജോലിഭാരമുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കൂടുതൽ ജീവനക്കാരെ അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

(ഇ) ഉദ്യോഗക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും നികത്തുവാൻ കഴിയുന്ന എല്ലാ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ കൈക്കൊണ്ടു വരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം ജോലി ലഭിച്ചവരുടെ എണ്ണം

83 [2210] ശ്രീ. സി. റ്റി. അഹമ്മദ് അലി:

" സി. മമ്മൂട്ടി:

" കെ. കുട്ടി അഹമ്മദ് കുട്ടി:

" കെ. എൻ. എ. ഖാദർ:

" പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ഒരു വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം ജോലി ലഭിച്ചവരെത്ര എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കഴിഞ്ഞ ഒരു വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2036 പേർക്ക് സ്ഥിരം ജോലി ലഭിച്ചിട്ടുണ്ട്.

ക്ഷേമനിധി ഉടമകളുടെ വിഹിതം സംബന്ധിച്ച കുടിശ്ശിക

84 [2211] ശ്രീ. പി. എസ്. സുപാൽ:

„ പി. നാരായണൻ:

„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് കയറ്റുമതിക്കാർ അടയ്ക്കേണ്ട വിഹിതം കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളത്;

(ബി) ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രശ്നത്തിൽ സുപ്രീം കോടതി വിധിയുണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) കേസ്സിന്റെ ഫലമായി സമാനസ്വഭാവമുള്ള കയർ തൊഴിലാളി ക്ഷേമനിധിയിലും കയറ്റുമതി ഉടമകൾ അടയ്ക്കേണ്ട വിഹിതം അടയ്ക്കുന്നതിന് വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ജി) വിവിധ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഉടമകളുടെ വിഹിതത്തിന്റെ കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കുവാനുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ—സി) ഇല്ല. 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് സെക്ഷൻ 4 (2) പ്രകാരം മത്സ്യക്കയറ്റുമതിക്കാരും മത്സ്യ വ്യാപാരികളും അവരുടെ വാർഷിക വിറ്റുവരവിന്റെ ഒരു ശതമാനം അടയ്ക്കാൻ ബാദ്ധ്യസ്ഥരായിരുന്നു. എന്നാൽ ബഹു. സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ 1-2-2002-ലെ വിധിപ്രകാരം ആക്ടിലെ സെക്ഷൻ 4 (2) അസാധുവാക്കി. ഇതിനെ തുടർന്ന് മത്സ്യ കയറ്റുമതിക്കാരിൽ നിന്നും വ്യാപാരികളിൽ നിന്നും അംശാദായം ഈടാക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ കുടിശ്ശിക ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly